4611
5/3/18

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- കുളത്തൂപ്പുഴ റിസർച്ച് യൂണിറ്റിൽ നടന്ന വിത്ത് ശേഖരണത്തിലെ ക്രമക്കേടുകൾ - ശ്രീ.കെ.എസ്.സുദർശനൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.54/2018/വനം തീയതി, തിരുവനന്തപുരം, 02.02.2018.

പരാമർശം:-

1) 14.08.2009 ലെ തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പിറ്റി.37/09 നമ്പർ കത്ത്
2) 06.02.2012 ലെ എഫ്.എം.ഐ.എസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-14501/11 നമ്പർ കത്ത്.
3) 16.10.2014, 12.12.2014 എന്നീ തീയതികളിലെ 1830/എ 1/2012/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും
4) 25.01.2015 തീയതിയായി ശ്രീ.കെ.എസ്.സുദർശനൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രതിവാദ പത്രിക
5) 20.02.2015 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-14501/11 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം റിസർച്ച് സൗത്ത് ഡിവിഷനിലെ കുളത്തൂപ്പുഴ റിസർച്ച് യൂണിറ്റിലെ തേക്ക വിത്ത് ശേഖരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തി തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി.

2) തമിഴ് നാട്ടിലെ വനഭാഗങ്ങളിൽ നിന്നും ശേഖരിച്ച വിത്തുകൾ ഇടനിലക്കാർ വഴി കുറഞ്ഞ വിലയ്ക്ക് വാങ്ങി, കേരളത്തിലെ റ്റി.എസ്.പി.എ.കളിൽ നിന്നും ശേഖരിച്ച സൂപ്പർ ക്വാളിറ്റി സീഡ്സ് എന്ന വ്യാജേന സൈനുദ്ദീൻ എന്ന കൺവീനർ വനം വകുപ്പിന് നൽകുവാൻ ശ്രമിച്ചതായും ആര്യങ്കാവ് റെയിഞ്ചിൽ ഇപ്പോൾ റ്റി.എസ്.പി.എ.കളാക്കി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തോട്ടങ്ങളുടെ ഭൂരിഭാഗം പ്രദേശങ്ങളും റ്റി.എസ്.പി.എ. കളാക്കുവാൻ അനുയോജ്യമല്ലാത്ത പ്രദേശങ്ങളാണെന്നും, ടി തോട്ടങ്ങളിൽ ആവശ്യമില്ലാത്ത സ്ഥലങ്ങളിലും, നിരക്കുകളിലും വീഡിംഗ് അനുവദിച്ചിട്ടുള്ളതും അപ്രകാരം അനുവദിച്ച വീഡിംഗ് കൺവീനർക്കും മറ്റും അമിത ലാഭമുണ്ടാക്കുകയെന്ന ഉദ്ദേശത്തോടു കൂടി മാത്രമാണ് നടത്തിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. റ്റി.എസ്.പി.എ.കളായി തോട്ടങ്ങൾ തെരഞ്ഞെടുത്തതിൽ സംഭവിച്ച അപാകതകൾക്ക് 2008 മുതൽ റിസർച്ച് സൗത്ത് ഡിവിഷന്റെ ചുമതല

വഹിച്ചിരുന്നവരും, ടി കാലഘട്ടത്തിൽ കുളത്തുപ്പുഴ റിസർച്ച് യൂണിറ്റിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരും ഉത്തരവാദികളാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് ടി കാലഘട്ടത്തിൽ കുളത്തുപ്പുഴ റിസർച്ച് ഡിവിഷനിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ അഡീഷണൽ ചാർജ്ജ് വഹിച്ചിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.എസ്.സുദർശനനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) പരാമർശം (2) പ്രകാരം ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ അംഗീകരിച്ച് ശ്രീ.കെ.എസ്.സുദർശനന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലായെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (5) പ്രകാരം അറിയിച്ചു.

4) ഈ സാഹചര്യത്തിൽ, ശ്രീ.കെ.എസ്.സുദർശനൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിനും, അന്വേഷണാധികാരിയായി റിസർച്ച് സൗത്ത് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററായ ശ്രീ.ബി.എൻ.അഞ്ജൻ കുമാർ, ഐ.എഫ്.എസിനെയും, പ്രസന്റിംഗ് ഓഫീസറായി തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ.എസ്.സന്തോഷ് കുമാറിനെയും നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

5) ശ്രീ.കെ.എസ്.സുദർശനൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 30.06.2018 ൽ വിരമിക്കുന്ന സാഹചര്യത്തിൽ അന്വേഷണാധികാരി കർശനമായും രണ്ട് മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ.ബി.എൻ.അഞ്ജൻ കുമാർ, ഐ.എഫ്.എസ്, റിസർച്ച് സൗത്ത് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ
ശ്രീ.എസ്.സന്തോഷ് കുമാർ, തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ.കെ.എസ്.സുദർശനൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
} (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ